

# ആളൂർ പ്രസാദവരനാഥ ഇടവക

ആളൂർ ബി.എൽ.എം. പരിസരത്തുള്ള ഇരുനൂറ്റി അമ്പതോളം കുടുംബങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ചുവന്നിരുന്നത് ബി.എൽ.എം. പ്രസാദവരനാഥ കപ്പേളയിലാണ്. ഈ കുടുംബങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തി പുതിയ ഒരു ഇടവക സമൂഹം രൂപംകൊള്ളാനുള്ള ലക്ഷ്യം മുന്നിൽ കണ്ടാണ് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ രൂപതാസ്ഥാപനമായ ബി.എൽ.എം. സെന്ററിന്റെ കിഴക്കെ അറ്റത്ത് റോഡിന് അഭിമുഖമായുള്ള 50 സെന്റ് സ്ഥലവും, പ്രസ്സ് കെട്ടിടവും ദേശവാസികളായ വിശ്വാസികൾക്ക് ദാനമായി അനുവദിച്ചുതന്നത്. ബി.എൽ.എം.ലെ ബഹു. ആന്റണി അക്കരക്കാരനച്ചൻ മുൻപ് ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ചിരുന്നതാണ്.

## കുരിശുപള്ളി

അന്ന് ആളൂർ സെന്റ് ജോസഫ്സ് പള്ളി വികാരിയായിരുന്ന റവ. ഫാ. ജോസ് പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ മേല്പറഞ്ഞ കുടുംബങ്ങളിൽനിന്ന് പിരിച്ച രണ്ട് ലക്ഷം രൂപചെലവഴിച്ചാണ് പ്രസ്സ് കെട്ടിടം കുരിശുപള്ളിയായി രൂപാന്തരപ്പെടുത്തിയത്.

പ്രസാദവരനാഥയുടെ നാമധേയത്തിൽ സ്ഥാപിതമായ ഈ കുരിശുപള്ളിയുടെ വെഞ്ചിരിപ്പ് 1999 ജൂലായ് 4-ാം തിയ്യതി അഭിവന്ദ്യപിതാവ് നടത്തി.

ഒരു പുതിയ ദേവാലയം പണിയാൻ വിശ്വാസികൾ ആഗ്രഹം പ്രകടിപ്പിച്ചതിന്റെ വെളിച്ചത്തിൽ വികാരി റവ. ഫാ. പോൾ സി. അമ്പൂക്കന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കുരിശുപള്ളി പൊതുയോഗം ഇടവകയ്ക്ക് വേണ്ട സെമിത്തേരി ആദ്യം പണിയാൻ തീരുമാനിക്കുകയാണുണ്ടായത്. പിന്നീട് വികാരിയായി വന്ന റവ. ഫാ. ജോസ് വെതമറ്റിലിന്റെ നേതൃത്വത്തിലാണ് കുരിശുപള്ളിയുടെ കീഴിലുള്ള കുടുംബങ്ങളിൽനിന്ന് സ്വരൂപിച്ച എട്ട് ലക്ഷം രൂപ ചെലവിൽ സെമിത്തേരി പണിപൂർത്തീകരിച്ചത്. 2005 ജൂലായ് 17-ാം തിയ്യതി സെമിത്തേരിയുടെ ആശീർവാദകർമ്മം അഭിവന്ദ്യപിതാവ് നിർവ്വഹിച്ചു.

## ഇടവക

2006 ജനുവരി 1-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതയിലെ 128-ാമത്തെ ഇടവകയായി നിശ്ചിത അതിർത്തി

കളോടെ ആളൂർ പ്രസാദവരനാഥ പള്ളിയുടെ കീഴിൽ ആളൂർ സെന്റ് ജോസഫ്സ്, കല്ലേറ്റുംകര ഉണ്ണിമിശിഹാ, ആനത്തടം സെന്റ് ജോസഫ്സ് എന്നീ ഇടവകകളിലെ 275 കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയത്. പുതിയ ഇടവകയുടെ അതിർത്തികൾ ഇടവക രൂപീകരണത്തിന്റെ കല്പനയിൽ വ്യക്തമാക്കിയിട്ടുണ്ട്. (Cf. Eparchial Curia Order No. 863/05 dated 1.12.2005) റവ ഫാ. ജോസ് വിതമറ്റിലായിരുന്നു, പ്രഥമ വികാരി

## കോൺവെന്റുകൾ, ഇതര സ്ഥാപനങ്ങൾ

പുതിയ ഇടവകയുടെ അതിർത്തിയിൽ രൂപതാസ്ഥാപനങ്ങളായ ബി.എൽഎം. & പ്രസ്സ്, നവചൈതന്യ, ആവേമരിയ ടി.ടി.ഐ. കൂടാതെ ലൂർദ്ദ് കോൺവെന്റ് (CSC), ചാരിറ്റി ഹോം, നേഴ്സറി സ്ക്കൂൾ, സെന്റ് ആന്റണീസ് കപ്പേള, വി. യൂദാശ്ലീഹായുടെ കപ്പേള, സെന്റ് മേരീസ് (FSMA) കോൺവെന്റ്, വൃദ്ധമന്ദിരം എന്നിവ സ്ഥിതി ചെയ്യുന്നു.

## കപ്പേളകൾ

പള്ളിയുടെ എതിർഭാഗത്തായി ഇരിങ്ങാലക്കുട കണ്ടംകുളത്തി കെ.പി. ജോൺ ദാനമായിതന്ന സ്ഥലത്ത്, മഞ്ഞളി വടക്കേപീടിക സെബാസ്റ്റ്യൻ പോളിന്റെ ഓർമ്മയ്ക്കായി വി. യൂദാശ്ലീഹായുടെ നാമധേയത്തിൽ പണിത കപ്പേളയുടെ പണി റവ. ഫാ. ജോസ് വെതമറ്റിലിന്റെ നേതൃത്വത്തിൽ


വി.യൂദാശ്ലീഹായുടെ കപ്പേള


സെന്റ് ആന്റണീസ് കപ്പേള


CSC ലൂർദ്ദ് കോൺവെന്റ്

പൂർത്തീകരിച്ചു. ഈ കപ്പേളയും, പുതിയ പള്ളിയുടെ അടിസ്ഥാനശിലയും 2007 ജനുവരി 25-ാം തിയ്യതി അഭിവന്ദ്യപിതാവ് ആശീർവദിച്ചു.

## പുതിയ ദേവാലയം

പുതിയ പള്ളി എന്ന ആഗ്രഹത്തിന് സ്ഥലത്തിന്റെ അപര്യാപ്തത മനസ്സിലാക്കി പിന്നീട് B.L.M. കോമ്പൗണ്ടിൽനിന്നുതന്നെ 13 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങുകയും ചെയ്തു.

2007 ഏപ്രിൽ 17-ാം തിയ്യതി വികാരി റവ. ഫാ. വർഗ്ഗീസ് കോന്തുരുത്തിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഇടവക പൊതുയോഗം, പുതിയ പള്ളിയുടെ നിർമ്മാണം ഉടനെ ആരംഭിക്കാൻ തീരുമാനിച്ചു.


ചാരിറ്റി ഹോം


പഴയ ദേവാലയം



നേഴ്സറി സ്ക്കൂൾ



സെന്റ് മേരീസ് കോൺവെന്റ്



സെന്റ് മേരീസ് വൃദ്ധസദനം

അഭിവന്ദ്യപിതാവ് തന്റെ ഇടവകസന്ദർശനവേളയിൽ 2007 ആഗസ്റ്റ് 12-ാം തിയ്യതി പുതിയ പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. പണികൾ പൂർത്തിയാക്കിയ പുതിയ ദേവാലയം 2010 ജനുവരി 21-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ കൂദാശചെയ്ത് വിശ്വാസികൾക്കായി സമർപ്പിച്ചു. ഇതോടൊപ്പം പുതിയ വൈദിക മന്ദിരവും പണിതീർത്തിട്ടുണ്ട്.